# <u>ഹയർ സെക്കന്ററി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>

## <u>സംഗ്രഹം</u>

ഹയർ സെക്കന്ററി വിദ്യാഭ്യാസം – ജീവനക്കാര്യം – പൊതുസ്ഥലംമാറ്റം 2013 – 2014 അന്തിമ സ്ഥലംമാറ്റ ലിസ്റ്റ് – പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

**നം. എഡി.സി6/14255/എച്ച്.എസ്.ഇ/13** **തീയതി : 21/11/2013**

പരാമർശം : 1. 27/05/2009 ലെ സർക്കാർ ഉത്തരവ് (പി) 115/09/പൊ.വി.വ.
2. ഈ ഓഫീസിലെ 30/04/2013 ലെ ഇതേ നമ്പർ സർക്കുലർ.
3. ഈ ഓഫീസിലെ 24/10/2013 ലെ ഇതേ നമ്പർ ഉത്തരവ്.

# <u>ഉത്തരവ്</u>

പരാമർശം (2) പ്രകാരം ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ 2013 – 2014 വർഷത്തെ പൊതുസ്ഥലംമാറ്റത്തിനായി ഓൺലൈൻ മുഖേനയുള്ള അപേക്ഷകൾ ക്ഷണിച്ചിരുന്നു. ഓൺലൈൻ മുഖാന്തിരം ലഭിച്ച സ്ഥലംമാറ്റ അപേക്ഷകളിലെ നടപടികൾ പൂർത്തീകരിച്ച് പരാമർശം (3) പ്രകാരം താൽക്കാലിക സ്ഥലംമാറ്റ ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു.

താൽക്കാലിക സ്ഥലംമാറ്റ ലിസ്റ്റിനെക്കുറിച്ച് ലഭിച്ച എല്ലാ പരാതികളും പരിശോധിച്ച് ചട്ടങ്ങൾക്ക് അനുസൃതമായി മാറ്റങ്ങൾ വരുത്തി അന്തിമ അനുകമ്പാർഹ സ്ഥലംമാറ്റ ലിസ്റ്റും, പൊതു സ്ഥലംമാറ്റ ലിസ്റ്റും യഥാക്രമം Annexure I ആയും Annexure II ആയും ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകർ ഈ ഉത്തരവ് തീയതി മുതൽ 7 ദിവസത്തിനകം സ്ഥലംമാറ്റം ലഭിച്ച സ്കൂളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

**ഒപ്പ്/–**
**കേശ്വേന്ദ്രകുമാർ ഐ.എ.എസ്**
**ഡയറക്ടർ**

പകർപ്പ് :
1. ബന്ധപ്പെട്ട പ്രിൻസിപ്പാൾ/അദ്ധ്യാപകർ
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ)
3. ഹയർ സെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ
4. ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർ
5. കരുതൽ ഫയൽ/ഫയൽ കോപ്പി